"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

തദ്ദേശ സ്വയംഭരണ വകുപ്പ് – കൊച്ചി മുനിസിപ്പൽ കോർപ്പറേഷൻ – ശ്രീ. സുധീഷ് ടി.എസ്. മുതലായവർ ഫയൽ ചെയ്ത WP(C) No.21637/2023 – ബഹു.കേരള ഹൈക്കോടതിയുടെ 10.09.2025 ലെ വിധിന്യായം –നടപ്പിലാക്കി – ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

തദ്ദേശ **സ്വയംഭരണ (ഇ.യു.)** വകുപ്പ്

സ.ഉ.(സാധാ) നം.940/2026/LSGD തീയതി,തിരുവനന്തപുരം, 30-04-2026

---

പരാമർശം :-

1 ബഹു.ഹൈക്കോടതിയുടെ 14.03.2018 തീയതിയിലെ WP(C) No.5786/2018 കേസിലെ വിധിന്യായം

2 കൊച്ചി കോർപ്പറേഷൻ കൗൺസിലിന്റെ 23.11.2018-ലെ തീരുമാനം നമ്പർ 145.

3 കൊച്ചി മുനിസിപ്പൽ കോർപ്പറേഷൻ സെക്രട്ടറിയുടെ 17.12.2018 തീയതിയിലെ ഉത്തരവ്.

4 ബഹു.ഹൈക്കോടതിയുടെ 24.11.2021 തീയതിയിലെ WP(C) No.22664/2021 കേസിലെ വിധിന്യായം

5 03.03.2023 തീയതിയിലെ സ.ഉ.(ആർ.ടി) നം.541/2023/തസ്വഭവ നമ്പർ സർക്കാർ ഉത്തരവ്

6 ബഹു.ഹൈക്കോടതിയുടെ 10.09.2025 തീയതിയിലെ WP(C) No.21637/2023 കേസിലെ വിധിന്യായം

**<u>ഉത്തരവ്</u>**

1. കൊച്ചി മുനിസിപ്പൽ കോർപ്പറേഷനിൽ CLR തൊഴിലാളികളായി ജോലി ചെയ്തുവരുന്ന ശ്രീ. സുധീഷ് ടി.എസ്. മുതലായവർ, തങ്ങളുടെ പേരുകൾ 770 CLR തൊഴിലാളികളുടെ പട്ടികയിൽ ഉൾപ്പെടുത്താതിരുന്നതും തുടർന്നു സ്ഥിരപ്പെടുത്തൽ നിഷേധിച്ചതും ചോദ്യം ചെയ്ത് ബഹു.കേരള ഹൈക്കോടതിയിൽ WP(C) No.21637/2023 നമ്പർ ഹർജി ഫയൽ ചെയ്തിരുന്നു. പ്രസ്തുത കേസിൽ പരാമർശം (6) പ്രകാശം ബഹു.ഹൈക്കോടതി വിധിന്യായം പ്രസ്താവിക്കുകയും, ഹർജിക്കാർ, Sl.No.474 in Ext.P2 പട്ടികയിൽ ഉൾപ്പെട്ട വ്യക്തിയെ സ്ഥിരപ്പെടുത്തിയ തീയതി മുതൽ സ്ഥിരപ്പെടുത്തലിനും അനുബന്ധ ആനുകൂല്യങ്ങൾക്കും അർഹരാണെന്ന് വിധിന്യായം പ്രഖ്യാപിക്കുകയും, അതനുസരിച്ചുള്ള ആവശ്യമായ നിർദ്ദേശം സർക്കാർ കൊച്ചി മുനിസിപ്പൽ കോർപ്പറേഷനു നൽകണമെന്നും ഉത്തരവായിരുന്നു.

2. ഹർജിക്കാർ 15.01.2008 മുതൽ പള്ളുരുത്തി റിലീഫ് സെറ്റിൽമെന്റിൽ ജോലി ചെയ്തുവരുന്നതും, ബന്ധപ്പെട്ട ഉദ്യോഗസ്ഥരുടെ വീഴ്ച മൂലം 770 CLR തൊഴിലാളികളുടെ പട്ടികയിൽ അവരുടെ പേരുകൾ ഉൾപ്പെടാതിരുന്നതുമാണ്. തങ്ങളുടെ പേരുകൾ 770 CLR തൊഴിലാളികളുടെ

സീനിയോറിറ്റി പട്ടികയിൽ ഉൾപ്പെടുത്താതിരുന്നതിനെതിരെ ഹർജിക്കാർ ഫയൽ ചെയ്ത WP(C) No.5786/2018 കേസിലെ പരാമർശം (1) വിധിന്യായം പാലിച്ച്, പരാമർശം (2) തീരുമാനം അനുസരിച്ച്, കൊച്ചി മുനിസിപ്പൽ കോർപ്പറേഷൻ സെക്രട്ടറിയുടെ പരാമർശം (3) ഉത്തരവുപ്രകാരം ഹർജിക്കാരെ പട്ടികയുടെ അവസാനഭാഗത്ത് ഉൾപ്പെടുത്തിയിരുന്നു.

3. തുടർന്ന്, ശ്രീ.സുധീഷ് ടി.എസ്. മുതലായവർ ഫയൽ ചെയ്ത WP(C) No.22664/2021 കേസിലെ പരാമർശം (4) വിധിന്യായം പാലിക്കുന്നതിനായി പുറപ്പെടുവിച്ച, 18 CLR തൊഴിലാളികളുടെ സ്ഥിരപ്പെടുത്തൽ സംബന്ധിച്ച നഗരകാര്യ ഡയറക്ടറുടെ ശിപാർശ, പരാമർശം (5) സർക്കാർ ഉത്തരവ് പ്രകാരം നിരസിച്ചിരുന്നു.

4. സർക്കാർ ഈ വിഷയം വിശദമായി പരിശോധിച്ചു. മേൽ സ്ഥിതിവിവരങ്ങൾ പരിഗണിച്ചും, കേരള മുനിസിപ്പാലിറ്റി ആക്ട്, 1994 ലെ വകുപ്പ് 224(1) പ്രകാരം, കണ്ടിജന്റ് തസ്തികകളിലെ ജീവനക്കാരെ സംബന്ധിച്ച നിയമന അധികാരം മുനിസിപ്പൽ കൗൺസിലിനാണ് നിക്ഷിപ്തമായിരിക്കുന്നത് എന്നത് പരിഗണിച്ചും, ബഹു.ഹൈക്കോടതിയുടെ പരാമർശം (6) ലെ വിധിന്യായം അനുസരിച്ചുള്ള തുടർ നടപടികൾ സ്വീകരിക്കുന്നതിലേക്കായി, കൊച്ചി മുനിസിപ്പൽ കോർപ്പറേഷൻ സെക്രട്ടറിയോട് സർക്കാർ ഇതിനാൽ നിർദ്ദേശിക്കുന്നു.

5. പരാമർശം (6) ലെ ബഹു.ഹൈക്കോടതിയുടെ വിധിന്യായം മേൽപ്പറഞ്ഞപ്രകാരം നടപ്പിലാക്കിയിരിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
LALI K
ജോയിന്റ് സെക്രട്ടറി

സെക്രട്ടറി, കൊച്ചി മുനിസിപ്പൽ കോർപ്പറേഷൻ, കൊച്ചി.
പ്രിൻസിപ്പൽ ഡയറക്ടർ, തദ്ദേശ സ്വയംഭരണ വകുപ്പ്.
അഡ്വക്കേറ്റ് ജനറൽ, കേരളം, എറണാകുളം.
Sudheesh T.S, Thaiparambil House, Ponnurunni, kochi, Ernakulam - 682019
Sheeja Rajeev, Onakkavil, Palluruthy, Kochi, Ernakulam - 682006
Prestina D'cruz, Karuvillil House, Thoppumpady, Kochi, Ernakulam - 682005
Kusumam Kumaran, Payattuparambil, Edakochi, Kochi, Ernakulam -682006

എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം
(ഈ ഉത്തരവ് വെബ് സൈറ്റിൽ പരസ്യപ്പെടുത്തുന്നതിനായി)
കരുതൽ ഫയൽ / ഓഫീസ് കോപ്പി(EU3/184/2023-LSGD)

ഉത്തരവിൻ പ്രകാരം
Signed by
Sonu Jacob
Date: 30-04-2026 14:18:41
സെക്ഷൻ ഓഫീസർ